(ഇ) മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സെൻട്രൽ സൂ അതോറിറ്റി അംഗീകരിച്ചതിന്റേയും, ഈ പ്രവൃത്തി 1980-ലെ വന (സംരക്ഷണ) ആക്ടിലെ ചട്ടങ്ങളുടെ ലംഘനമാവില്ലെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അറിയിച്ചതിന്റെയും വെളിച്ചത്തിൽ 124 ഹെക്ടർ ഭൂമി മൃഗശാലാ മാറ്റി സ്ഥാപിക്കുന്നതിനായി സാംസ്ക്കാരിക വകുപ്പിന് അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പ് 16-5-2009-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ 22-6-2010-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്തിൽ വനഭൂമിയിൽ മൃഗശാല സ്ഥാപിക്കുന്നത് ഒരു വനവൽക്കരണ പ്രവർത്തനമല്ലെന്നും, ആകയാൽ 1980-ലെ വനസംരക്ഷണ നിയമം ബാധകമാണെന്നും അറിയിച്ചിരിക്കുന്നു. അതുകൊണ്ട് വനമന്ത്രാലയത്തിന്റെ അനുമതി നേടി മൃഗശാല മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടികളുടെ കാനേഷുമാരി

22 (*562) ശ്രീ. എ. എം. യൂസഫ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18 വയസ്സുവരെയുള്ള കുട്ടികളെ സംബന്ധിച്ച സമഗ്ര വിവര ശേഖരത്തിനായി നടത്തിയ കാനേഷുമാരി പൂർത്തിയായിട്ടുണ്ടോ ;

(ബി) കുട്ടികളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത് ;

(സി) കാനേഷുമാരി ഏത് ഏജൻസി മുഖാന്തിരമാണ് നടത്തിയത് ;

(ഡി) കാനേഷുമാരിയിൽ നിന്നും ലഭിച്ച പ്രധാന വിവരങ്ങൾ എന്തെല്ലാമാണ് ;

(ഇ) കാനേഷുമാരി റിപ്പോർട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട്.

(ബി) പേര്, ജനനത്തീയതി, മേൽവിലാസം, രക്ഷിതാക്കളെ സംബന്ധിച്ച വിവരങ്ങൾ, പഞ്ചായത്ത്, വാർഡ്, ജാതി, മതം, മാതൃഭാഷ, പഠിക്കുകയാണ് എങ്കിൽ വിദ്യാലയത്തിന്റെ പേര്, സ്റ്റാൻഡേർഡ്, തോൽവി/ജയം, കാറ്റഗറി (എസ്.സി./എസ്.ടി,. ഒ.ബി.സി. മുതലായവ), പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ (ഡിസേബ്ൾഡ്), എ.പി.എൽ./ബി.പി.എൽ. സ്റ്റാറ്റസ്, താമസസ്ഥലത്തിനടുത്ത വിദ്യാലയത്തിലാണോ പഠിക്കുന്നത് തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചത്. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ കണക്ക്, കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ എന്നീ വിവരങ്ങളും ശേഖരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ വകുപ്പിന്റേയും സംയുക്ത പ്രവർത്തനമായിട്ടാണ് കുട്ടികളുടെ കാനേഷുമാരി നടന്നത്. കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ സർവ്വശിക്ഷാ അഭിയാൻ നേരിട്ടാണ് കാനേഷുമാരി നടത്തിയത്. തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഐ.കെ.എം. (ഇൻഫർമേഷൻ കേരള മിഷൻ) എന്ന സ്ഥാപനമാണ് ചൈൽഡ് സെൻസസിനുള്ള സാങ്കേതിക സഹായം നൽകിയത്.

(ഡി) ഉപചോദ്യം 'ബി' യുടെ ഉത്തരത്തിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളാണ് ലഭിച്ചത്.

(ഇ) കാനേഷുമാരിയുടെ റിപ്പോർട്ട് 05-07-2008-ന് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. റിപ്പോർട്ട് www.ikm.gov.in/ssa web എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന സർവ്വ വിജ്ഞാന കോശ പ്രസാധക ഇൻസ്റ്റിറ്റ്യൂട്ട്

23 (*563) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വ വിജ്ഞാന കോശ പ്രസാധക ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം ഏതൊക്കെ വാല്യങ്ങളുടെ പ്രസിദ്ധീകരണം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങലാണ് പരിഗണനയിലുള്ളത് ;

(സി) ഇവിടെ ഒരു നോളഡ്ജ് റിപ്പോസിട്ടറി സെന്റർ കൂടി ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എന്തൊക്കെ പ്രവർത്തനങ്ങലാണ് പ്രസ്തുത സെന്ററിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ)

1. സർവ്വ വിജ്ഞാനകോശം വാല്യം 15
2. സർവ്വ വിജ്ഞാനകോശം വാല്യം 3 (പരിഷ്ക്കരിച്ച പതിപ്പ്)

LIBRARY ARCHIVES Kerala Legislative Assembly